കേരള സംഗീത നാടക അക്കാദമി
KERALA SANGEETHA NATAKA AKADEMI
Department of Culture, Govt.of Kerala
Thrissur - 680 020, Kerala

Phone : Office : 0487-2332134, 2332548
Secretary : 0487-2327427
Fax : 0487-2332548
e-mail : ksnakademi@gmail.com
Website : www.keralasangeethanatakaakademi.in


## കേരള സംഗീത നാടക അക്കാദമി
## കോവിഡ് - 19 സമാശ്വാസ ധനസഹായ പദ്ധതി

പ്രസിദ്ധീകരണത്തിന് :

19- 04- 2020

കോവിഡ് - 19 ലോക്ക് ഡൗൺ മൂലം ഉപജീവനമാർഗ്ഗങ്ങൾ നഷ്ടപ്പെട്ട് ജീവിതം വഴിമുട്ടിയ കലാകാരന്മാരെയും, കലാപ്രകടനത്തിന് പശ്ചാത്തലമൊരുക്കുന്നവരെയും സഹായിക്കുന്നതിന്റെ ഭാഗമായി 1,000/- രൂപ വീതം രണ്ടുമാസം ധനസഹായം നൽകുന്ന ഒരു സമാശ്വാസപദ്ധതിയിലേയ്ക്ക് കലാകാരന്മാർക്ക് അപേക്ഷിക്കാവുന്നതാണ്. കേരള സംഗീത നാടക അക്കാദമിയുടെ വെബ്സൈറ്റിലൂടെ (**www.keralasangeethanatakaakademi.in**) അക്കാദമിയുടെ പരിധിയിൽപ്പെടുന്ന അർഹരായ കലാകാരന്മാർക്ക് മതിയായ രേഖകൾ സഹിതം ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം 20- 04- 2020 തിങ്കളാഴ്ച മുതൽ ലഭ്യമാക്കുന്നതാണെന്ന് അക്കാദമി സെക്രട്ടറി എൻ.രാധാകൃഷ്ണൻ നായർ അറിയിച്ചു.

കല ഒരു ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരും കോവിഡ് - 19 മഹാമാരിമൂലം ഉപജീവന മാർഗ്ഗങ്ങൾ നഷ്ടപ്പെട്ടവരുമായ കലാകാരന്മാർ, കലാപ്രകടനത്തിന് പശ്ചാത്തല സൗകര്യമൊരുക്കുന്നവർ എന്നിവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുക. കഴിഞ്ഞ 10 വർഷമായി കലാമേഖലയിൽ സജീവമായും തുടർച്ചയായും പ്രവർത്തിക്കുന്നവരായിരിക്കണം അപേക്ഷകർ. പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാത്തവർ, സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ തുടങ്ങിയവയിൽ നിന്നും പ്രതിമാസ പ്രതിഫലമോ, ധനസഹായമോ, ശമ്പളമോ, പെൻഷനോ നിലവിൽ കൈപ്പറ്റാത്തവരുമായ വ്യക്തികൾക്കാണ് ഈ സഹായം ലഭിക്കുക. കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ അംഗത്വത്തിന് അപേക്ഷിച്ചവർക്ക് പ്രത്യേക ധനസഹായം ലഭ്യമാകുന്നതിനാൽ ഈ ധനസഹായത്തിന് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഏപ്രിൽ 25 ആയിരിക്കും.

സെക്രട്ടറി.